പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 4256 | 24.10.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**വ്യാജ കോഴിമുട്ടയിലെ രാസവസ്തുക്കൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ വിപണികളിൽ വ്യാജ കോഴിമുട്ടകൾ വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പത്രവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) | ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന രാസവസ്തുക്കൾ ഉപയോഗിച്ചാണ് ഇത്തരം വ്യാജ കോഴിമുട്ടകൾ നിർമ്മിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) | പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വ്യാജകോഴിമുട്ടകളാണെന്ന് പരാതി പറഞ്ഞിട്ടുള്ളവയുടെ സാമ്പിളുകൾ കേരള വെറ്റിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെന്റർ ഫോർ എക്സലൻസ് ഇൻ പൗൾട്രി സയൻസ് എന്ന ഗവേഷണ സ്ഥാപനത്തിൽ പരിശോധിച്ചപ്പോൾപ്രസ്തുത മുട്ടകൾ യഥാർത്ഥ കോഴിമുട്ടകളാണെ ന്നാണ് കണ്ടെത്തിയിട്ടുള്ളത്. |
| സി) | വൃക്കയ്ക്കും കരളിനും വയറിനും ഗുരുതരമായ രോഗങ്ങൾ ഉണ്ടാക്കുന്നതാണ് വ്യാജ കോഴിമുട്ടയിലെ രാസവസ്തുക്കൾ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | സി) | വ്യാജമുട്ടയാണെന്ന വാർത്ത അടിസ്ഥാനരഹിതമാണെ ന്നാണ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. |
| ഡി) | എങ്കിൽ ഇതു തടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ? | ഡി) | കോഴിമുട്ടകൾ വീണ്ടും എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച് പരിശോധനകൾ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ